അനുബന്ധം

**ശ്രീ. സി. ആർ. മഹേഷ്, എം.എൽ.എ. അവതരിപ്പിച്ച "കേരള ഫീഡ്സ് ലിമിറ്റഡ് കരുനാഗപ്പള്ളി പ്ലാന്റ് ജീവനക്കാരുടെ എഗ്രിമെന്റ് പുതുക്കൽ, ആശ്രിതനിയമനം നടപ്പിലാക്കൽ, മിനിമം വേതനം ഉറപ്പാക്കൽ തുടങ്ങി അവരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കുന്നത്" എന്ന സബ്മിഷന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) നൽകിയ മറുപടിയുടെ മേശപ്പുറത്തുവച്ച ഭാഗം**

അതിനുശേഷം ഇ.എസ്.ഐ.-യുടെ പരിധിയിലുള്ളവർക്ക് ഇ.എസ്.ഐ.-യുടെ വ്യവസ്ഥകൾ പ്രകാരമുള്ള ലീവ് അനുവദിക്കുന്നുണ്ട്. ഇ.എസ്.ഐ. പരിധിയിൽനിന്നും പുറത്തായ തൊഴിലാളികൾക്ക് പകരമായുള്ള ഇൻഷ്വറൻസ് പദ്ധതികൾക്കുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു.

കയറ്റിറക്ക് തൊഴിലാളികളുടെ സേവന വേതനവും മറ്റ് തൊഴിൽ സംബന്ധമായ വ്യവസ്ഥകളും നിർണ്ണയിക്കുന്നത് കയറ്റിറക്ക് തൊഴിലാളി യൂണിയൻ പ്രതിനിധികളും കമ്പനി മാനേജ്മെന്റും തമ്മിലുള്ള ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിലാണ്. അതുപ്രകാരം മാത്രമേ ആശ്രിതനിയമനം പരിഗണിക്കാനാകൂ.

കയറ്റിറക്ക് വിഭാഗം തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന ട്രേഡ് യൂണിയനുകളുമായി ഏർപ്പെട്ടിരിക്കുന്ന ദീർഘകാല കരാറിലെ പാർട്ട് (4)

(പൊതു വ്യവസ്ഥകൾ) 12-ാം വ്യവസ്ഥപ്രകാരം "ജോലിയിലിരിക്കെ കയറ്റിറക്ക് തൊഴിലാളികൾക്ക് ഗുരുതരപരിക്ക്/അപകടം/അനാരോഗ്യം/ മരണം എന്നിവമൂലം തൊഴിൽ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ കയറ്റിറക്ക് തൊഴിലാളികളുടെ നിയമപരമായ അവകാശിക്ക്/ആശ്രിതന് (നിയമപരമായ അവകാശി ഇല്ലാത്ത സാഹചര്യത്തിൽ) ഈ തൊഴിൽ മാനേജ്മെന്റിന്റെ അംഗീകാരത്തിന് വിധേയമായി കൈമാറ്റം ചെയ്യുന്നതിന് അനുവദിക്കുന്നതായിരിക്കും" എന്ന് പ്രസ്തുത കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം മരണപ്പെട്ടവരുടെ ആശ്രിതരെ അവർ ചെയ്തിരുന്ന ജോലികളിൽ ഏർപ്പെടുത്തുന്നതിന് കമ്പനി തയ്യാറാണെന്ന് തൊഴിലാളി യൂണിയനുകളെ അറിയിച്ചിട്ടുണ്ട്.

കൂടാതെ കമ്പനിയിലെ എല്ലാ തൊഴിലാളികളുടെയും വിരമിക്കൽപ്രായം 58 വയസ്സാണ്. കേരളത്തിലെ ഒരു പൊതുമേഖലാ സ്ഥാപനത്തിലും കയറ്റിറക്ക് തൊഴിലാളികൾക്ക് മിനിമം വേതനം വ്യവസ്ഥ ചെയ്തിട്ടില്ല. നിലവിൽ ഈ വിഭാഗം തൊഴിലാളികൾക്ക് പ്രതിമാസം ശരാശരി തുകയായി ഒരാൾക്ക് 32000 രൂപ ലഭിച്ചു വരുന്നു.